**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.809.** 27.04.2017 ൽ മറുപടിയ്ക്ക്

**ബാറുകളും സർക്കാർ മദ്യശാലകളും പൂട്ടിയതിനാൽ ഉണ്ടാകുന്ന നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ബഹു. സുപ്രീംകോടതിവിധിമൂലം ബാറുകളും സർക്കാർ മദ്യശാലകളും പൂട്ടിയതു കാരണം സർക്കാരിന് ഉണ്ടാകുന്ന നഷ്ടം എത്രകോടിയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | (എ) | ഹൈവേയുടെ സമീപം പ്രവർത്തിക്കുന്ന മദ്യഷാപ്പുകൾ 2017 ഏപ്രിൽ 1 ന് മുമ്പായി മാറ്റി സ്ഥാപിക്കണമെന്ന ബഹു.സുപ്രീംകോടതി ഉത്തരവിനെത്തുടർന്ന് 2016 ഡിസംബർ മുതൽ കെ.എസ്.ബി.സിയുടെ വിറ്റുവരവിൽ കുറവുണ്ടായിട്ടുണ്ട്. ഇൻഡ്യൻ നിർമ്മിത വിദേശമദ്യം, ബിയർ എന്നിവയുടെ വിൽപ്പന അളവിലും വിൽപ്പന മൂല്യത്തിലും ഉണ്ടായ കുറവ് ചുവടെ ചേർക്കുന്നു. |

**ഇൻഡ്യൻ നിർമ്മിത വിദേശമദ്യ വിൽപ്പനയുടെ അളവിലുണ്ടായ കുറവ്**

(ലക്ഷം കെയ്സിൽ)

| മാസം | 2016-17 | 2015-16 | വർദ്ധനവ്/ കുറവ് | വർദ്ധനവ്/ കുറവ് ശതമാനത്തിൽ |
|---|---|---|---|---|
| നവംബർ | 15.72 | 15.08 | 0.64 | 4% |
| ഡിസംബർ | 17.52 | 17.82 | (-) 0.30 | (-) 2% |
| ജനുവരി | 15.56 | 16.66 | (-) 1.10 | (-) 7% |
| ഫെബ്രുവരി | 16.36 | 17.32 | (-) 0.96 | (-) 6% |
| മാർച്ച് | 16.11 | 16.66 | (-) 0.55 | (-) 3% |
| ഏപ്രിൽ (17.04.2017 വരെ) | 8.64 | 9.04 | 0.40 | (-) 4% |

| | | | |
|---|---|---|---|
| | | | **ബിയർ വിൽപ്പനയുടെ അളവിലുണ്ടായ കുറവ്** (ലക്ഷം കെയ്സിൽ) |

| മാസം | 2016-17 | 2015-16 | വർദ്ധനവ്/ കുറവ് | വർദ്ധനവ്/ കുറവ് ശതമാന ത്തിൽ |
|---|---|---|---|---|
| നവംബർ | 11.05 | 8.97 | 2.08 | 23 % |
| ഡിസംബർ | 11.83 | 12.22 | (-) 0.39 | (-) 3% |
| ജനുവരി | 11.53 | 12.88 | (-) 1.35 | (-) 10% |
| ഫെബ്രുവരി | 13.67 | 14.01 | (-) 0.34 | (-) 2% |
| മാർച്ച് | 13.50 | 18.15 | (-) 4.65 | (-) 26% |
| ഏപ്രിൽ (17.04.2017 വരെ) | 4.86 | 9.60 | (-) 4.74 | (-) 49% |

**ആകെ വിൽപ്പനമൂല്യത്തിലുണ്ടായ കുറവ്**
(തുക കോടി രൂപയിൽ)

| മാസം | 2016-17 | 2015-16 | വർദ്ധനവ്/ കുറവ് | വർദ്ധനവ്/ കുറവ് ശതമാന ത്തിൽ |
|---|---|---|---|---|
| നവംബർ | 903.27 | 842.22 | 61.05 | 7% |
| ഡിസംബർ | 1040.10 | 1000.19 | 39.91 | 4% |
| ജനുവരി | 1008.64 | 995.21 | 12.83 | 1 % |
| ഫെബ്രുവരി | 973.55 | 971.47 | 2.08 | 0.21 % |
| മാർച്ച് | 1031.60 | 1041.45 | (-) 9.85 | (-) 1% |
| ഏപ്രിൽ (17.04.2017 വരെ) | 521.94 | 594.94 | (-) 73 | (-) 12% |

നിലവിൽ കെ.എസ്.ബി.സിയുടെ വിറ്റ് വരവ് തുകയിൽ പ്രതിദിനം 4.56 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഇതേ അവസ്ഥ തുടരുകയാണെങ്കിൽ കെ.എസ്.ബി.സിയുടെ വിറ്റ് വരവിൽ 2016-17 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ ഏകദേശം 1700 മുതൽ 2000 കോടി രൂപയുടെ കുറവുണ്ടാകുമെന്ന്

| | | | |
|---|---|---|---|
| | | | പ്രതീക്ഷിക്കുന്നു. കൂടാതെ ബഹു.സുപ്രീം കോടതി വിധിപ്രകാരം 01.04.2017 മുതൽ പ്രവർത്തിക്കാൻ കഴിയാതെയിരിക്കുന്ന മദ്യഷാപ്പുകൾ, ബാറുകൾ തുടങ്ങിയവ തുടർന്നും മാറ്റി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ കഴിയാതെ വരുകയാണെങ്കിൽ ലൈസൻസ് ഫീസ് ഇനത്തിൽ സർക്കാരിന് ഉദ്ദേശം 35 കോടിയിലധികം രൂപയുടെ നഷ്ടവും ഉണ്ടാകുവാനിടയുണ്ട്. |
| (ബി) | ഒരു മാസം ഉണ്ടാകുന്ന നഷ്ടം എത്ര കോടിയെന്ന് ബാറുകൾ തിരിച്ചും സർക്കാർ മദ്യശാലകൾ തിരിച്ചും വിശദമാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നും ബാറുകളിലേയ്ക്കും, കൺസ്യൂമർ ഫെഡിലേയ്ക്കുമുള്ള വിൽപ്പനയിൽ പ്രതിമാസം 72 കോടി രൂപയുടെ നഷ്ടവും, കെ.എസ്.ബി.സി യുടെ വിദേശമദ്യ ചില്ലറ വിൽപ്പനശാലകളിൽ നിന്നുള്ള വിറ്റുവരവിൽ പ്രതിമാസം 67 കോടിരൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. |
| (സി) | ബഹു. സുപ്രീംകോടതി വിധിയ്ക്കെതിരെ സർക്കാർ അപ്പീൽ നൽകുന്നകാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ എന്ത് മാനദണ്ഡത്തിന്റെ പേരിലാണ് അപ്പീൽ എന്ന് വിശദമാക്കുമോ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ